# പുളിയപറമ്പ് ഹയർസെക്കൻഡറി സ്കൂൾ

## കൊടുന്തിരപ്പുള്ളി

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## (HS വിഭാഗം)

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും സ്വീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. ഈ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി പുളിയപ്പറമ്പ് എച്ച് എസ് ൽ 2025-26 അധ്യയന വർഷം ചെയ്യേണ്ട പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്ക് വിവിധ സബ്ജെക്ട് കൗൺസിലുകൾ, ക്ലബ്ബുകൾ എന്നിവ ചേർന്ന് രൂപം കൊടുക്കുകയുണ്ടായി.

സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കുക, കലാകായിക രംഗങ്ങളിൽ അവസരങ്ങൾ ഒരുക്കുക തുടങ്ങിയ അടിസ്ഥാന കാര്യങ്ങൾക്ക് മുൻതൂക്കം നൽകി കൊണ്ടാണ് പ്രവർത്തന പരിപാടികൾക്ക് രൂപം നൽകിയിരിക്കുന്നത്.

### ലക്ഷ്യങ്ങൾ

- **സ്വാശ്രയശീലം വളർത്തുക.**
- **ലഹരിക്കെതിരെ ബോധവൽക്കരണം.**
- **വ്യക്തി- പരിസര ശുചിത്വം.**
- **സേവന പ്രവർത്തനങ്ങൾ.**
- **ഭിന്നശേഷിക്കാരെ ഉൾക്കൊണ്ടുള്ള പ്രവർത്തനങ്ങൾ.**

### അക്കാദമിക പ്രവർത്തനങ്ങൾ

- എസ്എസ്എൽസി റിസൾട്ട് 100% ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
- ഏറ്റവും ചുരുങ്ങിയത് സി ഗ്രേഡ് എങ്കിലും കിട്ടുന്ന വിധത്തിൽ കുട്ടികളെ പരിശീലിപ്പിക്കുക.
- പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളിൽ 10% വിദ്യാർത്ഥികൾക്കെങ്കിലും സമ്പൂർണ്ണ എ പ്ലസ് കിട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.
- 8,9 പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി പ്രത്യേക ക്ലാസുകൾ നൽകുക. (മലയാളം,ഇംഗ്ലീഷ്,ഗണിതം,ഹിന്ദി)
- 8,9 ക്ലാസുകൾക്ക് കണക്ക് ശാസ്ത്ര വിഷയങ്ങൾ പ്രത്യേക പരിശീലനം.
- മത്സര പരീക്ഷകൾക്ക് പ്രത്യേക പരിശീലനം.(NMMS,)
- 8,9 ക്ലാസ്സ് വിദ്യാർത്ഥികൾക്ക് എല്ലാ മാസവും എല്ലാ വിഷയങ്ങൾക്കും പരീക്ഷ.

PULIYAPARAMB HS

- ജൂലൈ, ഒക്ടോബർ മാസങ്ങളിൽ പത്താം ക്ലാസ്സിന് മിഡ് ടേം പരീക്ഷ.
- സയൻസ് പാർക്ക്, വിവിധ ലാബുകൾ ഉപയോഗിച്ച് കുട്ടികളെ പരിശീലിപ്പിക്കുക.

## "വിജയശ്രീ "

- 2025-26 അധ്യയനവർഷത്തിൽ എസ്എസ്എൽസി എഴുതുന്ന വിദ്യാർത്ഥികളുടെ എണ്ണം 254.
- ജൂൺ മാസത്തിൽ തന്നെ എ പ്ലസ് ടാർജറ്റ് ഗ്രൂപ്പ് , ഡി പ്ലസ് ടാർഗറ്റ് ഗ്രൂപ്പ് വിദ്യാർത്ഥികളെ ലിസ്റ്റ് ചെയ്യു.
- ജൂലായ് മാസത്തിൽ മിഡ് ടേം എക്സാം നടത്തുന്നു.
- ജൂലായ് മാസം തുടക്കം മുതൽ തന്നെ എല്ലാ ശനിയാഴ്ചകളിലും പോഷൻ തീർക്കാനുള്ള സ്പെഷ്യൽ ക്ലാസുകൾ നടത്തുന്നു.
- ആഗസ്റ്റ് മാസത്തിൽ രണ്ട് ശനിയാഴ്ചകളിൽ എ പ്ലസ് ടാർഗറ്റ്ഗ്രൂപ്പിന് വിഷയാടിസ്ഥാനത്തിൽ ക്ലാസുകൾ സംഘടിപ്പിക്കുന്നു.
- ഫസ്റ്റ് ടേം പരീക്ഷയ്ക്ക് മുൻപായി നാല് പീരിയഡുകൾ വീതം എല്ലാ വിഷയങ്ങൾക്കും റിവിഷൻ നടത്തുന്നു.
- സെപ്റ്റംബർ മുതൽ മോണിംഗ് കോച്ചിംഗ് ക്ലാസുകൾ ആരംഭിക്കുന്നു.
- റിസൾട്ടിന്റെ അടിസ്ഥാനത്തിൽ ക്ലാസ് പിടിഎ സംഘടിപ്പിക്കുന്നു.
- നവംബർ ഒന്നു മുതൽ മോണിംഗ് ഈവനിംഗ് കോച്ചിംഗ് ക്ലാസുകൾ ആരംഭിക്കുന്നു.
- ഫസ്റ്റ് ടേം എക്സാമിന്റെ റിസൾട്ടിന്റെ അടിസ്ഥാനത്തിൽ എ പ്ലസ് , ഡി പ്ലസ് ടാർഗറ്റ് ഗ്രൂപ്പുകൾ പരിഷ്കരിക്കുന്നു.
- നവംബർ മാസത്തിൽ സെക്കൻഡ് മിഡ് ടേം എക്സാം നടത്തുന്നു.
- ഡിസംബർ മാസത്തിൽ പാഠഭാഗങ്ങൾ പൂർത്തിയാക്കുന്നു.
- ജനുവരിയിൽ സെക്കൻഡ് ടേം എക്സാമിന്റെ റിസൾട്ട് അവലോകനവും ക്ലാസ് പിടിഎയും നടത്തുന്നു.
- ജനുവരി ആദ്യവാരത്തിൽ തന്നെ തീവ്ര പരിശീലനം ആരംഭിക്കുന്നു. മോണിംഗ് ഈവനിംഗ് ക്ലാസുകൾ നടത്തുന്നു.
- സാധാരണ പീരിയഡുകളെ രണ്ട് പീരിയഡുകൾ വീതം ചേർത്ത് എല്ലാ വിഷയത്തിനും റിവിഷൻ നൽകുന്നു.
- പ്രീ മോഡൽ എക്സാം നടത്തുന്നു.
- ഉത്തര കടലാസ്സുകൾ വിലയിരുത്തി ടാർഗറ്റ് ഗ്രൂപ്പുകൾ പരിഷ്കരിക്കുന്നു.
- ടാർഗറ്റ്ഗ്രൂപ്പിലെ കുട്ടികളുടെ ഒരു പിടിഎ യോഗം ജനുവരി അവസാനം സംഘടിപ്പിക്കുന്നു.
- മോഡൽ എക്സാമിന് മുൻപായി നൈറ്റ് ക്ലാസുകൾ സംഘടിപ്പിക്കുന്നു.
- പഠനസഹായിയായ "സക്സസ്" രൂപീകരിച്ച് ടാർഗറ്റ് ഗ്രൂപ്പുകളിലെ മുഴുവൻ കുട്ടികൾക്കും ജനുവരി ആദ്യവാരത്തിൽ തന്നെ നൽകും.
- എസ്എസ്എൽസി പരീക്ഷ ദിവസങ്ങളിൽ വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് മോണിംഗ് ക്ലാസുകൾ നടത്തും.
- മുഴുവൻ അധ്യാപക വിദ്യാർത്ഥി രക്ഷകർതൃ കൂട്ടായ്മയോടെ റിസൾട്ട് 100% എത്തിക്കാൻ ശ്രമിക്കും.

PULIYAPARAMB HS

## മലയാളം

**വായന ദിനം - ജൂൺ- 19**

ലക്ഷ്യം: നഷ്ടപ്പെടുന്ന വായനയെ തിരികെ കൊണ്ടുവരുന്നതിന്

പ്രവർത്തനം: വായന മത്സരം

ചുമതല: ജെസ്സി ജോസഫ്, നൗഷാദ്, മഞ്ജുള,അൽഷിഫ

**ബഷീർ അനുസ്മരണം - ജൂലായ് - 5**

ലക്ഷ്യം: ബഷീറിനെ അടുത്തറിയുന്നതിന്

പ്രവർത്തനം: ബഷീർ കൃതികളിലെ കഥാപാത്രങ്ങൾ ഉൾക്കൊള്ളുന്ന ചാർട്ട് പ്രദർശനം.

ചുമതല: ജെസ്സി ജോസഫ്, നൗഷാദ്, മഞ്ജുള,അൽഷിഫ

**എസ്.കെ പൊറ്റെക്കാട് ദിനം - ആഗസ്റ്റ് - 6**

ലക്ഷ്യം: യാത്രയിലെ രസങ്ങൾ

പ്രവർത്തനം: യാത്രാവിവരണം തയ്യാറാക്കൽ

**ഓണപരീക്ഷ**

**ഓണച്ചൊല്ലുകൾ -പാട്ടുകൾ-സപ്തംബർ -24**

ലക്ഷ്യം: പഴമയിലെ വസന്തം

**പഠനയാത്ര -തസ്രാക്ക് - ഒക്ടോബർ 23**

ചുമതല: ജെസ്സി ജോസഫ്, നൗഷാദ്, മഞ്ജുള,അൽഷിഫ

**കേരളപ്പിറവിദിനം -നവംബർ 1**

ലക്ഷ്യം: ഭാഷയെ കൂടുതലായി മനസ്സിലാക്കുന്നതിന്

പ്രവർത്തനം: മലയാളത്തെ അറിയാൻ - ക്വിസ് മത്സരം

ചുമതല: ജെസ്സി ജോസഫ്, നൗഷാദ്, മഞ്ജുള,അൽഷിഫ

**ക്രിസ്തുമസ്സ് പരീക്ഷ**

**എം.ടി ഓർമ്മദിനം- ജനുവരി 7**

പ്രവർത്തനം: എം.ടി ഓർമ്മദിനത്തോട് അനുബന്ധിച്ച് വായനക്കുറിപ്പ് തയ്യാറാക്കൽ

ലക്ഷ്യം: സാഹിത്യ രചനകൾ ആസ്വദിക്കുന്നതിന്

ചുമതല: ജെസ്സി ജോസഫ്, നൗഷാദ്, മഞ്ജുള,അൽഷിഫ

## ഇംഗ്ലീഷ്

**പഠനപിന്തുണ**

പ്രവർത്തനം: ജൂൺ മാസത്തിൽ 8ാം തരം കുട്ടികൾക്ക് നിലനിർണ്ണയ പരീക്ഷ നടത്തി പഠന പിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തുന്നു. അവർക്ക് വേണ്ട പഠനസഹായം ജൂൺ മാസത്തിൽതന്നെ ആരംഭിക്കുന്നു.

ചുമതല:: രജിത

**Bridge Course**

പ്രവർത്തനം: ഒൻപതാം ക്ലാസ്സിലേക്ക് കയറ്റം കിട്ടിയ വിദ്യാർത്ഥികളിൽ പഠന പിന്തുണ ആവശ്യമുള്ളവർക്ക് നിലവാരം മെച്ചപ്പെടുത്തവാനുള്ള പഠന പ്രക്രിയകൾ ജൂൺ മാസത്തിൽ തന്നെ നടത്തുന്നു.



PULLIPARAMB HS

ചുമതല: സജ്ന

**മത്സരം-Live News Report**

പ്രവർത്തനം ജൂലൈ മാസത്തിൽ പത്താം തരത്തിലുള്ള കുട്ടികൾക്ക് ഇംഗ്ലീഷിൽ Live News Report മത്സരം നടത്തുന്നു.

ചുമതല: ആഷ, നസിയ

**വ്യാകരണം മെച്ചപ്പെടുത്തൽ**

പ്രവർത്തനം ഫസ്റ്റ് ടേംമിനകം എല്ലാ ക്ലാസ്സുകളിലെ കുട്ടികൾക്ക് parts of speech Teaching Aids ഉപയോഗിച്ച് പരിചയപ്പെടുത്തുന്നു.

**മത്സരം-Travel journal**

പ്രവർത്തനം: ഓണാവധിക്കുശേഷം എട്ടാം തരത്തിലുള്ള കുട്ടികൾക്ക് Travel journal, ഒമ്പതാം തരത്തിലുള്ള കുട്ടികൾക്ക് **English Skit** മത്സരം, 10ാം തരത്തിലുള്ള കുട്ടികൾക്ക് Adjective games ഉം നടത്തുന്നു.

ചുമതല: എല്ലാ ഇംഗ്ലീഷ് അധ്യപകരും

**ഒക്ടോബർ9 - World Post Day**

പ്രവർത്തനം: കത്തെഴുത്ത് മത്സരം നടത്തുന്നു.

പ്രവർത്തനം: നവംബർ മാസത്തിൽ Shakespeare നാടകങ്ങളിലെ കഥാപാത്രാവിഷ്കാരം - മത്സരം.

ചുമതല: എല്ലാ ഇംഗ്ലീഷ് അധ്യപകരും

## അറബിക്ക്

**വായന**

ലക്ഷ്യം: കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക.

പ്രവർത്തനം: അറബിക് ലൈബ്രറി ശാക്തീകരണം, അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു. കഥകൾ കവിതകൾ ചിത്രകഥകൾ..... വായന കോർണർ സ്ഥാപിക്കുന്നു.

സമയം: ജൂൺ - നവംബർ

**എഴുത്ത്**

ലക്ഷ്യം: എഴുതാനുള്ള കഴിവ് വികസിപ്പിക്കുക.

പ്രവർത്തനം: ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു.

സമയം : സെപ്റ്റംബർ - നവംബർ

**പ്രതിഭകളെ കണ്ടെത്തൽ.**

പ്രവർത്തനം: പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു. അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു

സമയം: ജൂലൈ, ആഗസ്റ്റ്

**ദിനാചരണങ്ങളെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുക**

പ്രവർത്തനം: ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു അനുബന്ധ അറബിക് പോസ്റ്ററുകൾ നിർമ്മിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

സമയം: ദിനാചാരണ ദിവസങ്ങൾ.

PULLIPPARAMB HS

## സംസ്കൃതം

ജൂൺ

| | |
|---|---|
| പ്രവർത്തനം: | അക്ഷര പഠനം വായന **വായനാ മത്സരം** |
| പ്രവർത്തനം: | ക്ലബ്ബ് രൂപീകരണം |
| ചുമതല: | സംസ്കൃതം ക്ലബ് അംഗങ്ങൾ |
| ജൂലൈ | **ക്വിസ് മത്സരം** |
| ചുമതല | സംസ്കൃതം ക്ലബ് അംഗങ്ങൾ |
| ആഗസ്റ്റ് | **സംസ്കൃത ദിനാചരണം** |
| പ്രവർത്തനം: | പോസ്റ്റർ നിർമ്മാണം |
| ചുമതല | സംസ്കൃതം അധ്യാപിക |
| സെപ്റ്റംബർ | **പരീക്ഷാ പരിശീലനം** |
| ചുമതല | സംസ്കൃതം അധ്യാപിക |
| ഒക്ടോബർ | **"സമ്പുട" നിർമ്മാണം** |
| ചുമതല | സംസ്കൃതം ക്ലബ്ബ് |
| ജനുവരി | **ഫീൽഡ് ട്രിപ്പ്** |
| ചുമതല: | സംസ്കൃതം അധ്യാപിക |

## ഹിന്ദി

| | |
|---|---|
| പ്രവർത്തനം: | **മരം നടീൽ പരിസ്ഥിതി ദിനം** |
| ലക്ഷ്യം: | മരം നട്ടു പരിപാലിക്കേണ്ടതിന്റെ അവബോധം സൃഷ്ടിക്കുക |
| ചുമതല: | SMS , JJ & Shajitha |
| പങ്കെടുക്കുന്നവർ : | 8th ലെ കുട്ടികൾ |
| പ്രവർത്തനം: | **പ്രസംഗ മത്സരം** (വായനയുടെ മഹത്വം) 19/ 6/ 25 - |
| ലക്ഷ്യം : | വായന ലഹരിയാക്കി മാറ്റുക & ഭാഷ സ്വായത്തമാക്കുക |
| ചുമതല: | JJ , Shajitha |
| പങ്കെടുക്കുന്നവർ : | 8, 9 , 10 ക്ലാസുകളിലെ താല്പര്യമുള്ള കുട്ടികൾ |
| | **പ്രേംചന്ദ് ദിനം** |
| പ്രവർത്തനം: | "बूढ़ी काकी " പ്രദർശനം |
| ലക്ഷ്യം : | പ്രേംചന്ദിൻ്റെ രചനകൾ പരിചയ പ്പെടുത്തുക അതോടൊപ്പം ഭാഷാ പ്രാവീണ്യവും |
| ചുമതല: | JJ ,SMS |
| പങ്കെടുക്കുന്നവർ : | Hindi club Members |
| | **ഹിന്ദി ദിനാഘോഷം** |
| പ്രവർത്തനം: | ഹിന്ദി പ്രശ്നോത്തരി |
| ലക്ഷ്യം : | പത്രവായന ശീലമാക്കുക & ഭാഷ എളുപ്പത്തിൽ സ്വായത്തമാക്കുക |
| ചുമതല: | SMS , JJ , Shajitha |
| പങ്കെടുക്കുന്നവർ : | എല്ലാ കുട്ടികൾക്കും അവസരം |

PULIYAPARAMB HS

**വയോജന ദിനം**

പ്രവർത്തനം: **Field trip** - മാതൃസദനം
ലക്ഷ്യം : മാതാ പിതാക്കളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും ബോധവൽക്കരണവും
ചുമതല: JJ , Shajitha
പങ്കെടുക്കുന്നവർ : Hindi Club Members of 8th class

## സോഷ്യൽ സയൻസ്

**ജൂലൈ 11 ജനസംഖ്യാ ദിനം**

ലക്ഷ്യം: കുട്ടികളിൽ ജനസംഖ്യാ ദിനത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക
പ്രവർത്തനം: അന്നേ ദിവസം ക്ലാസ്സുകളിൽ ജനസംഖ്യാ ദിനത്തിന്റെ ഗുണ ദോഷങ്ങൾ ചർച്ച ചെയ്യുന്നു.
ചുമതല: എല്ലാ സോഷ്യൽ സയൻസ് അധ്യപകരും

**ആഗസ്റ്റ് 6,9 ഹിരോഷിമാ നാഗസാക്കി ദിനം**

ലക്ഷ്യം: കുട്ടികളിൽ യുദ്ധവിരുദ്ധ മനോഭാവം വളർത്തുക
പ്രവർത്തനം : എല്ലാ കുട്ടികളും അന്നേ ദിവസം യുദ്ധവിരുദ്ധ ബാഡ്ജ് ധരിച്ച് വരുന്നു.യുദ്ധവിരുദ്ധ സന്ദേശങ്ങൾ ക്ലബിലെ അംഗങ്ങൾ എല്ലാ ക്ലാസ്സുകളിലും എത്തിക്കുന്നു.
ചുമതല: എല്ലാ സോഷ്യൽ സയൻസ് അധ്യപകരും

**ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനം**

ലക്ഷ്യം: ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിന്റെ പ്രാധാന്യം
പ്രവർത്തനം: ഓരോ എട്ടാം ക്ലാസ്സിൽ നിന്നും സ്വാതന്ത്ര്യ സമര ചരിത്രമാസിക തയ്യാറാക്കുന്നു. സ്വാതന്ത്ര്യ ദിനത്തിന് HM ന് കൈമാറുന്നു. സ്വാതന്ത്ര്യദിന ക്വിസ് , പ്രസംഗ മത്സരം എന്നിവ നടത്തുന്നു.
ചുമതല: നസീറ ബ

**ഒക്ടോബർ 1 വയോജന ദിനം**

ലക്ഷ്യം: കുട്ടികളിൽ കുടുംബ ബന്ധത്തിന്റെ പ്രാധാന്യം, വയോജനങ്ങളെ സഹായിക്കാനുള്ള മനോഭാവം വളർത്തുക
പ്രവർത്തനം: വൃദ്ധ സദനം സന്ദർശിക്കൽ/ കുട്ടികളുടെ grandparents നെ സ്കൂളിൽ വിളിച്ച് ആദരിക്കൽ
ചുമതല: ബിന്ദു

**ഒക്ടോബർ 2 ഗാന്ധിജയന്തി**

ലക്ഷ്യം: കുട്ടികളിൽ ഗാന്ധിജിയുടെ ആശയങ്ങളുടെ പ്രാധാന്യം വളർത്തുക
പ്രവർത്തനം: ശബരി ആശ്രമ സന്ദർശനം
ചുമതല: നിഷ ജോബ്

**പുഴയെ അറിയാൻ**

ലക്ഷ്യം: ഒരു നദി നാടിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥക്ക് എത്ര മാത്രം ഉപകാരപ്പെടുന്നു എന്ന് തിരിച്ചറിയാൻ.



PULIYANARMB HS

| | |
|---|---|
| പ്രവർത്തനം: | വിദഗ്ധനായ ഒരു അധ്യാപകന്റെ സഹായത്തോടെ പൂട്ടൂർ പുഴയുടെ തീരത്ത് പ്രത്യേക ക്ലാസ്, പുഴ നടത്തം etc |
| സമയം: | നവംബർ /ജനുവരി മാസം |
| ചെലവ് | ₹2000 |
| ചുമതല: | നിഷാദ് |

## ഗണിതം

ജൂൺ

| | |
|---|---|
| ലക്ഷ്യം: | മുൻധാരണകൾ കൈവരിക്കൽ |
| പ്രവർത്തനങ്ങൾ: | പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പരിഹാര ബോധനം നടത്തുന്നു. എട്ടാം ക്ലാസിൽ പ്രീ ടെസ്റ്റ് നടത്തുന്നു |
| ചുമതല: | 8 സ്മിത, സരിത, പ്രീത<br>9 സ്മിത, ഇന്ദിര, ലിന്റോ<br>10 പ്രീത, സരിത, ലിന്റോ, ഇന്ദിര |

ജൂലൈ

| | |
|---|---|
| ലക്ഷ്യം: | കുട്ടികളിൽ ഗണിത താൽപ്പര്യം വർദ്ധിപ്പിക്കുന്നു |
| പ്രവർത്തനങ്ങൾ: | മാത്സ് ക്ലബ് രൂപീകരണം . പസിൽ മേള സംഘടിപ്പിക്കുന്നു |
| ചുമതല: | ലിന്റോ, പ്രീത, ഇന്ദിര |

ആഗസ്റ്റ്

| | |
|---|---|
| ലക്ഷ്യം: | പ്രശ്നനിർധാരണ ശേഷി ഉണ്ടാക്കൽ, മിനിമം മാർക്ക് ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ |
| പ്രവർത്തനങ്ങൾ: | ക്ലാസ് തല ക്വിസ്, ജനറൽ ക്വിസ്, പതാക നിർമ്മാണം, സ്കൂൾ തല ഗണിത മേള. ശില്പശാല (പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ) ക്ലാസ് തലം |
| ചുമതല: | എല്ലാ ഗണിത അധ്യപകരും |
| ചെലവ്: | Rs. 3,000.00 |

ഒക്ടോബർ

| | |
|---|---|
| ലക്ഷ്യം: | ജിയോജിബ്ര പരിചയപ്പെടൽ |
| പ്രവർത്തനങ്ങൾ: | ജിയോജിബ്ര ഉപയോഗിച്ച് ഗണിത പാറ്റേൺ നിർമിക്കാനുള്ള പരിശീലനം മത്സരം |
| ചുമതല: | എല്ലാ ഗണിത അധ്യപകരും, ലിറ്റിൽ കൈറ്റ് അംഗങ്ങൾ |

നവംബർ

| | |
|---|---|
| ലക്ഷ്യം: | ഗണിത മോഡലുകൾ നിർമ്മിക്കൽ |
| പ്രവർത്തനങ്ങൾ: | കുട്ടികൾ ഗണിതരൂപങ്ങൾ ഉണ്ടാക്കുന്നു |
| ചുമതല: | ലിന്റോ, സ്മിത, സരിത |

ഡിസംബർ

| | |
|---|---|
| ലക്ഷ്യം: | മിനിമം മാർക്കിനുള്ള പ്രവർത്തനങ്ങൾ |
| പ്രവർത്തനങ്ങൾ: | ധാരാളം ചോദ്യങ്ങൾ പരിശീലിപ്പിക്കുന്നു . അസൈൻമെൻറ്സ് നൽകുന്നു |
| ചുമതല: | എല്ലാ ഗണിത അധ്യപകരും |

ജനുവരി

| | |
|---|---|
| ലക്ഷ്യം: | പരീക്ഷാ വിജയങ്ങൾക്ക് മാനസിക പിന്തുണ ഉറപ്പാക്കൽ |
| പ്രവർത്തനങ്ങൾ: | എക്സ്പേർട്ട് ക്ലാസ് |
| ചുമതല: | ലിന്റോ, സ്മിത, ഇന്ദിര |
| ചെലവ്: | Rs. 2,000.00 |

ഫെബ്രുവരി

| | |
|---|---|
| ലക്ഷ്യം: | എല്ലാ കുട്ടികൾക്കും ഡി പ്ലസിൽ അധികം ഗ്രേഡ് നേടൽ |
| പ്രവർത്തനങ്ങൾ: | ധാരാളം റിവിഷൻ ചോദ്യങ്ങൾ നൽകുന്നു. മിടുക്കരായ വിദ്യാർത്ഥികളെ ഉപയോഗിച്ച് ഗ്രൂപ്പ് തിരിച്ച് പരിശീലനം നൽകുന്നു |
| ചുമതല: | എല്ലാ ഗണിത അധ്യപകരും |

PUCPARAMB HS

# സയൻസ്

## ചാന്ദ്രദിനം

വാരാഘോഷം.അനുബന്ധിച്ച് ഒരു വാരം നീണ്ടുനിൽക്കുന്ന പരിപാടികൾ സംഘടിപ്പിക്കുന്നു .

ലക്ഷ്യം:

- ശാസ്ത്രീയ അറിവ്. ചന്ദ്രനിലെ ഗർത്തങ്ങൾ ചന്ദ്രോപരി സ്ഥലത്തിൻറെ ഘടന എന്നിവയെ കുറിച്ച് വിശദമായ അറിവ് നൽകുന്നു.
- ചന്ദ്രന്റെ ചരിത്രം, ആസ്ട്രോണമി നാസ. ഐഎസ്ആർഒ എന്നിവയെ കുറിച്ചുള്ള പഠനം വിദ്യാർത്ഥികളിൽ ഗവേഷണ മനോഭാവം വളർത്തുന്നു.
- ചാന്ദ്രദിനവുമായി ബന്ധപ്പെട്ട പ്രദർശനം വഴി വിദ്യാർത്ഥികളുടെ സഭാകമ്പം ഒഴിവാക്കപ്പെടുന്നു.

പ്രവർത്തനം: ജൂലൈ 21 ചാന്ദ്രദിനം. ചാന്ദ്രദിന ക്വിസ്.പ്രിലിമിനറി റൗണ്ടിൽ 50 കുട്ടികളെ ഉൾപ്പെടുത്തി 10 ചോദ്യങ്ങൾ ചോദിക്കുന്നു. അതിൽ നിന്ന് പരമാവധി ഉത്തരങ്ങൾ ശരിയാക്കിയ 20 കുട്ടികളെ ഫൈനൽ റൗണ്ടിലേക്ക് തിരഞ്ഞെടുക്കുന്നു.

സ്റ്റെപ്പ് ടു.:ഫൈനൽ റൗണ്ടിൽ പരമാവധി ഉത്തരങ്ങൾ ശരിയാക്കിയ ഒരു വിദ്യാർത്ഥിയെ വിജയ് ആയി പ്രഖ്യാപിക്കുന്നു.

ചുമതല: ബിന്ദു സി വി,, അനീഷ.

## ഫീൽഡ് ട്രിപ്പ്

ലക്ഷ്യം:

- ശാസ്ത്ര സാങ്കേതിക രംഗത്ത് വിദ്യാർത്ഥികൾക്ക് ആഴത്തിലുള്ള അറവ് ലഭിക്കുന്നു.
- ഇലക്ട്രോണിക്സ് മേഖലയിൽ കൂടുതൽ ആഴത്തിൽ അറിവ് ലഭിക്കുന്നു.

ശാസ്ത്ര സാങ്കേതിക രംഗത്ത് ഏറ്റവും പുതിയ അറിവ് ലഭിക്കാൻ പാലക്കാട് ഐഐടിയിലേക്ക് 50 പേരടങ്ങുന്ന ഒരു ട്രിപ്പ് നടത്തുന്നു ഇതിനായി 10 മണിക്ക് തന്നെ സ്കൂളിൽ നിന്ന് പുറപ്പെട്ട വൈകുന്നേരം മൂന്നരയോടുകൂടി സ്കൂളിൽ തിരിച്ചെത്തുന്ന രീതിയിൽ പരിപാടി സംഘടിപ്പിക്കുന്നു.

സമയം: രണ്ടാം വാരം നവംബർ.

ചുമതല: ശ്രീജ പി, അനീഷ.

## ഊർജ്ജ സംരക്ഷണ ദിനാഘോഷം.

ലക്ഷ്യം: ഊർജ്ജത്തിന്റെ ഉൽപ്പാദനം, ഉപയോഗം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നടത്തുന്നു.

പ്രവർത്തനങ്ങൾ: സയൻസ് ക്ലബ് അംഗങ്ങളെ ഉപയോഗിച്ച് എൽഇഡി ബൾബ് നിർമ്മാണം ഒരു ശില്പശാല സംഘടിപ്പിക്കുന്നു.

ഡേറ്റ്: നവംബർ 30. 2025.

പങ്കെടുക്കുന്ന കുട്ടികൾ: 50

ചുമതല: അനീഷ, ജിയ, ജീന.

PULIYAPARAMB HS

## ബയോളജി

**ഫീൽഡ് ട്രിപ്പ് -**

പ്രവർത്തനം: കൃഷിത്തോട്ട സന്ദർശനം ( ജൂൺ)

ലക്ഷ്യം : വളർന്നുവരുന്ന തലമുറയിൽ കൃഷിയോടുള്ള താല്പര്യം വളരുന്നു.കേരളത്തിന്റെ കാർഷിക സംസ്കാരം തിരിച്ചുപിടിക്കുന്നതിന് പ്രോത്സാഹനമാകുന്നു.കൃഷിയിൽ നിന്ന് അകന്നത് ജീവിതശൈലി രോഗങ്ങൾക്ക് കാരണമാകുന്നു എന്ന് തിരിച്ചറിവ് ഉണ്ടാകുന്നു.

ചുമതല: ബിന്ദു സി വി & ബയോളജി ടീച്ചേഴ്സ്

ചെലവ്: 5000 രൂപ

**ഡോക്ടറുടെ ക്ലാസ്സ് (സെപ്റ്റംബർ)**

ലക്ഷ്യം: ജീവിതശൈലി രോഗങ്ങളെ കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാകുന്നു.

ചുമതല: ഇന്ദു സി & ബയോളജി ടീച്ചേഴ്സ്

**അറിവ് നൽകാൻ**

ലക്ഷ്യം: കുട്ടികളിൽ ബയോളജിയുടെ വിവിധ മേഖലകളിൽ അറിവുണ്ടാകുന്നു.

പ്രവർത്തനം: എല്ലാ മാസവും ഒരു ചോദ്യം വീതം നോട്ടീസ് ബോർഡിൽ ഇടുന്നു. കുട്ടികളോട് ഉത്തരം എഴുതി ആൻസർ പെട്ടിയിൽ നിക്ഷേപിക്കാൻ പറയുന്നു. അടുത്ത അസംബ്ലിയിൽ വിജയിയെ പ്രഖ്യാപിക്കുന്നു.

സമയം: ജൂൺ മുതൽ ഫെബ്രുവരി വരെ

ചുമതല: ജീന ജോസ് & ബയോളജി ടീച്ചേഴ്സ്.

## കല വിദ്യാഭ്യാസം

**ജൂൺ 2 പ്രവേശനോത്സവം**

പ്രവർത്തനം: പ്രവേശനോത്സവ പരിപാടികൾ സമുചിതമായി ആഘോഷിക്കുവാൻ തീരുമാനിച്ചു . കുട്ടികളുടെ വിവിധതരം കലാപരിപാടികൾ , മധുരവിതരണം എന്നിവ നടത്തുവാൻ തീരുമാനിച്ചു.

**ജൂൺ 21 ലോക സംഗീത ദിനം, യോഗ ദിനം**

പ്രവർത്തനം: ആർട്സ്ക്ലബ് ഉദ്ഘാടനം: ജൂൺ മാസത്തിൽ തന്നെ ക്ലബുകൾ രൂപീകരിച്ച് അതിന്റെ പ്രവർത്തനങ്ങൾ സജീവമാകാൻ തീരുമാനിച്ചു.

ജൂലൈ

**സ്കൂൾ കലോത്സവം**

പ്രവർത്തനം: വർണാഭമായി നടത്തുവാൻ തീരുമാനിച്ചു . (2 ദിവസം )

ആഗസ്റ്റ്

**ആഗസ്റ്റ് 15 സ്വാതന്ത്ര ദിനം**

പ്രവർത്തനം: സ്വാതന്ത്ര ദിന പരിപാടികൾ ആഘോഷിക്കുവാൻ തീരുമാനിച്ചു. കുട്ടികളുടെ കലാപരിപാടികൾ ഉടങ്ങിയ ആഘോഷങ്ങൾ നടത്തുവാൻ തീരുമാനിച്ചു.

**ഓണാഘോഷം-സെപ്റ്റംബർ 13:**

PULIYAPARAMB HS

**ഒക്ടോബർ 2 ഗാന്ധി ജയന്തി**

പ്രവർത്തനം: ഗാന്ധി ജയന്തി ദിനത്തിൽ ആർട്സ് ക്ലബിന്റെ ഭാഗമായി കലാപരിപാടികൾ ആസൂത്രണം ചെയ്യുവാൻ തീരുമാനിച്ചു.

**ഒക്ടോബർ 13 നാഷണൽ ഫിലിം ഡേ**

പ്രവർത്തനം: ഒരു ദിവസത്തെ ഫിലിം ഫെസ്റ്റിവൽ നടത്തുവാൻ തീരുമാനിച്ചു.

പ്രവർത്തനം: ശിശു ദിനത്തോടനുബന്ധിച്ച് ചിത്ര രചന മത്സരം നടത്തുവാൻ തീരുമാനിച്ചു.

പ്രവർത്തനം: ക്രിസ്മസ് ദിനവുമായി അനുബന്ധിച്ച് പരിപാടികൾ നടത്തുവാൻ തീരുമാനിച്ചു.

**ജനുവരി 26 റിപ്പബ്ലിക്ക് ദിനം**

പ്രവർത്തനം: കുട്ടികളുടെ കലാപരിപാടികൾ ആസൂത്രണം ചെയ്ത് നടത്തുവാൻ തീരുമാനിച്ചു.

ഫെബ്രുവരി

പ്രവർത്തനം: ആർട്സ് ക്ലബിന്റെ നേതൃത്വത്തിൽ കുട്ടികൾ സ്വയം നൃത്തം കംപോസ് ചെയ്ത് അവതരിപ്പിക്കുന്നു.

**ലോക നാടക ദിനം (March 27)**

പ്രവർത്തനം: കുട്ടികളുടെ നാടക അവതരണം.

## ആരോഗ്യ കായിക വിദ്യാഭ്യാസം

**യോഗാ ദിനാചരണം**

ലക്ഷ്യം: യോഗയുടെ പ്രധാന്യം കുട്ടികളിലേക്ക് എത്തിക്കുക

ചുമതല: കായിക അധ്യാപകൻ

കാലം: ജൂൺ 21

ചെലവ് : 1000/-

**ഫുട്ബോൾ പരിശീലനം**

ലക്ഷ്യം: സ്കൂൾ ടീം രൂപീകരിച്ച് ജില്ലാ സംസ്ഥാന മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുക

ചുമതല: കായിക അധ്യാപകൻ

കാലം: ജൂൺ 15 മുതൽ ഫെബ്രുവരി മാസം വരെ

ചെലവ് : 5000/-

**അത്‌ലറ്റിക് പരിശീലനം**

ലക്ഷ്യം: സ്കൂൾ ടീം രൂപീകരിച്ച് ജില്ലാ സംസ്ഥാന മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുക

ചുമതല: കായികാധ്യാപകൻ

കാലം: ജൂലൈ 16 മുതൽ നവംബർ മാസം 16 വരെ

ചെലവ് : 5000/-

**ഹാൻഡ് ബോൾ പരിശീലനം**

ലക്ഷ്യം:- സ്കൂൾ ടീം രൂപീകരിച്ച് ജില്ലാ സംസ്ഥാന മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുക

ചുമതല:- ഹാൻഡ് ബോൾ കോച്ച്

കാലം:- ജൂലൈ 1 മുതൽ നവംബർ മാസം 30 വരെ

ചെലവ് : 20000/-

PULIYAPARAMB HS

**സ്കൂൾതല വാർഷിക സ്പോർട്സ്**

ലക്ഷ്യം:- മികച്ച കുട്ടികളെ കണ്ടെത്തി പരിശീലനം നൽകി ഉയർന്ന തലങ്ങളിൽ മത്സരിപ്പിക്കുക

ചുമതല:- സ്കൂൾ തല സമിതി

കാലം:- സെപ്റ്റംബർ

ചെലവ് : 5000/-

## ഗൈഡ്സ്

പ്രവർത്തനം: പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷ തൈകൾ നട്ടു പിടിപ്പിക്കും.

**മെഹന്തി ഫെസ്റ്റ്**

പ്രവർത്തനം: ബക്രീദിനോടാനുബന്ധിച്ച് ആഘോഷം വർണ്ണാഭമാക്കാൻ

ചുമതല: സജ്ന, അൽഷിഫ

ജൂലൈ18 **മഴക്കാല ജാഗ്രത ക്ലാസ്**

ചുമതല: സജ്ന, അൽഷിഫ

ആഗസ്റ്റ് 15 **സ്വാതന്ത്ര്യ ദിന റാലി**

കലാകായിക മേളകളിൽ വോളന്റിയർ ഡ്യൂട്ടി നിർവ്വഹിക്കും.

സെപ്തംബർ 19 വൃദ്ധസദനം സന്ദർശിക്കും

ഒക്ടോബർ 3

ഗാന്ധി ജയന്തിയോടനുബന്ധിച്ച് സ്കൂളും പരിസരവും വൃത്തിയാക്കും-

ചുമതല: സജ്ന, അൽഷിഫ

നവംബർ 7 **സ്കൗട്ട് & ഗൈഡ് സ്ഥാപക ദിനം**

ചുമതല: സജ്ന, അൽഷിഫ

ഡിസംബർ 5

**ലഹരി വിരുദ്ധ സെമിനാർ**

ചുമതല: സജ്ന, അൽഷിഫ

ജനുവരി26 **റിപ്പബ്ലിക് ദിന ആഘോഷങ്ങൾ**

ചുമതല: സജ്ന, അൽഷിഫ

ഫെബ്രുവരി **ട്രക്കിങ്**

ചുമതല: സജ്ന, അൽഷിഫ

## ലൈബ്രറി

**വായനാ ദിന ക്വിസ് & വായനാ ദിനാഘോഷം**

ലക്ഷ്യം : പത്രവായന ശീലമാക്കി പൊതു വിജ്ഞാനം സ്വായത്തമാക്കുക

പങ്കെടുക്കുന്നവർ : 8, 9 ,10 ക്ലാസിലെ കുട്ടികൾക്ക് അവസരം

ചുമതല: JJ , JJN

ചെലവ് : 2000 Rs

**ബഷീർ ദിനം** ആസ്വാദന കുറിപ്പ് മത്സരം

ലക്ഷ്യം : ബഷീറിന്റെ സാഹിത്യ രചനകൾ പരിചയപ്പെടുക

ചുമതല: J J , Alshifa

പങ്കെടുക്കുന്നവർ : താല്പര്യമുള്ള എല്ലാ ക്ലാസിലേയും കുട്ടികൾക്ക് അവസരം

PULIYAPARAMB HS

ചെലവ് : 250 Rs

**സംവാദം**

ലക്ഷ്യം : ആശയ പ്രകടനത്തിനുള്ള അവസരം

ചുമതല: Alshifa , JJN , JJ

പങ്കെടുക്കുന്നവർ : എല്ലാ ക്ലാസിലേയും 4 കുട്ടികൾക്ക് അവസരം

## ലിറ്റിൽ കൈറ്റ്സ് & ഐടി ക്ലബ്

**ഡിജിറ്റൽ ന്യൂസ് പേപ്പർ** (ജൂൺ മുതൽ മാർച്ച് വരെ)

ലക്ഷ്യം : ഓരോ മാസവും വിദ്യാലയത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ, സ്ക്രൈബസ് സോഫ്റ്റ്‌വെയർ പരിശീലനം.

ചുമതല : ബിന്ദു സി വി, അബ്ദുൾ ഷുക്കൂർ & ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ

ചെലവ് : 500 രൂപ

**ഐടി ക്വിസ് - ആഗസ്റ്റ് മാസം**

ലക്ഷ്യം : കുട്ടികളിൽ ഐടിയുമായി ബന്ധപ്പെട്ട മേഖലകളിൽ കൂടുതൽ അറിവുണ്ടാകുന്നു. കുട്ടികളെ സബ്ജില്ലാ ഐടി ക്വിസിലേക്ക് തയ്യാറാക്കാൻ കഴിയുന്നു.

ചുമതല : ഐടി ടീച്ചേഴ്സ്

**ഐടി മേള - സ്കൂൾ ലെവൽ ( ഒക്ടോബർ )**

ലക്ഷ്യം : അനിമേഷൻ, പ്രോഗ്രാമിംഗ്, ഡിജിറ്റൽ പെയിന്റിംഗ്, പ്രസന്റേഷൻ, വെബ് ഡിസൈനിങ്, മലയാളം ടൈപ്പിംഗ് മേഖലകളിൽ മികച്ച കുട്ടികളെ കണ്ടെത്താൻ കഴിയുന്നു. കുട്ടികളിൽ ഈ മേഖലകളിൽ താല്പര്യമുണ്ടാകാനും, കുട്ടികളെ സബ്ജില്ലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കാനും കഴിയുന്നു.

ചുമതല : ഐടി ടീച്ചേഴ്സ്

**റോബോ ഫെസ്റ്റ് (നവംബർ)**

ലക്ഷ്യം : റോബോട്ടിക് പ്രോജക്റ്റുകളുടെ രൂപകൽപ്പന, നിർമ്മാണം, പരീക്ഷണം എന്നിവ കുട്ടികളിൽ വളർത്താൻ കഴിയും.

ചുമതല : ഐടി ടീച്ചേഴ്സ്.

## "വിമുക്തി" ക്ലബ്

**ജൂലൈ - ലഹരി വിരുദ്ധ ക്ലാസ്**

ലക്ഷ്യം: ലഹരി ഉപയോഗത്തിൻ്റെ ദൂഷ്യവശങ്ങൾ മനസ്സിലാക്കുക

പ്രവർത്തനങ്ങൾ: ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ് എക്സൈസ് നേതൃത്വത്തിൽ

ചുമതല : ഇന്ദു, സജ്ന, അൽഷിഫ

**ഒക്ടോബർ പോസ്റ്റർ നിർമ്മാണം**

ലക്ഷ്യം: ലഹരി ഉപയോഗം കുട്ടികളിൽ

പ്രവർത്തനങ്ങൾ: പോസ്റ്റർ രചനാ മത്സരം

ചുമതല : ഇന്ദു, സജ്ന, അൽഷിഫ

PULLIYAPARAMB HS

**നവംബർ ലഹരിവിരുദ്ധ റാലി**

ലക്ഷ്യം : ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തുക

പ്രവർത്തനങ്ങൾ: കുട്ടികളെ പങ്കെടുപ്പിച്ച് റാലിയും ഗൃഹസന്ദർശനവും

ചുമതല: ഇന്ദു, സജ്ന, അൽഷിഫ

## നേച്ചർ ക്ലബ്

**പരിസ്ഥിതി ദിനം**

ലക്ഷ്യം : വിദ്യാർത്ഥികളിൽ പരിസ്ഥിതി ബോധം വളർത്തുക, പരിസ്ഥിതി സൗഹൃദ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുക, പ്രകൃതിയോടുള്ള സ്നേഹം വളർത്തുക.

പ്രവർത്തനം: പരിസ്ഥിതി ദിനത്തിൽ നേച്ചർ ക്ലബ് ഉദ്ഘാടനം മരങ്ങൾ നട്ട് പരിസ്ഥിതി സംരക്ഷണത്തിനുള്ള തുടക്കം

പോസ്റ്റർ മത്സരം: "എന്റെ സ്വപ്നം – ഹരിത ഗൃഹം"

വിദ്യാർത്ഥികളിൽ നിന്ന് ഇക്കോ-ടീമുകൾ രൂപീകരിക്കുക

**ക്ലീൻ ആൻഡ് ഗ്രീൻ- ജൂലൈ**

പ്രവർത്തനം: ക്യാമ്പസ് ശുചിത്വ പ്രവർത്തനം
മാലിന്യ നിർമാണവും മാനേജ്മെന്റുമായി ബന്ധപ്പെട്ട ക്ലാസ്സ്

**വെള്ളം സംരക്ഷണ മാസം -ആഗസ്റ്റ്**

പ്രവർത്തനം: സ്ലോഗൻ എഴുത്ത് മത്സരം: "ഒരൊറ്റ തുള്ളിയ്ക്ക് വിലയേറെ!"

**കൃഷിയും ഭക്ഷണവും- സെപ്റ്റംബർ**

പ്രവർത്തനം: സ്കൂൾ വളപ്പിൽ അവശ്യങ്ങൾ അനുസരിച്ച് ഓർഗാനിക് പച്ചക്കറി തോട്ടം

ഫീൽഡ് ട്രിപ്പ്: സമീപത്തുള്ള കൃഷിയിടം/പൂന്തോട്ടം സന്ദർശനം

ഹെൽത്തി & ഇക്കോ ലഞ്ച് ദിനം – പ്ലാസ്റ്റിക് ഇല്ലാതെ, വീട്ടിലുണ്ടാക്കിയ ഭക്ഷണം മാത്രം

അവബോധ പ്രഭാഷണം: "വേളിയിൽ നിന്ന് വിഴിയിലേക്ക് – നമ്മുടെ ഭക്ഷണത്തിന്റെ യാത്ര"

**ജൈവ വൈവിധ്യത്തിന്റെ ആഘോഷം-ഒക്ടോബർ:**

പ്രവർത്തനം: പക്ഷി നിരീക്ഷണവും ഇല ശേഖരണവും
**പ്രകൃതി ഫോട്ടോഗ്രഫി മത്സരം**

**കുറയ്ക്കുക, പുനഃപ്രയോജനപ്പെടുത്തുക, റീസൈക്കിൾ ചെയ്യുക-നവംബർ:**

പ്രവർത്തനം: പ്ലാസ്റ്റിക് നിരസിക്കാൻ തുണി/ജ്യൂട്ട് ബാഗുകൾ നിർമിക്കൽ
പേപ്പർ ബാഗ് നിർമ്മാണം

**ഇക്കോ-ഹോളിഡേ ആനന്ദം- ഡിസംബർ**

പ്രവർത്തനം: പരിസ്ഥിതി സൗഹൃദ സമ്മാനങ്ങൾ നിർമ്മിക്കൽ

പ്രകൃതി സംബന്ധമായ കവിത/പാട്ട് മത്സരം

**ശാസ്ത്രം + പ്രകൃതി-ജനുവരി**

പ്രവർത്തനം: ഇക്കോ-സയൻസ് എക്സിബിഷൻ (സാധ്യതാനുസരിച്ച്)

കാലാവസ്ഥാ മാറ്റം & നിലനിൽപ്പ് അടിസ്ഥിത ജീവിതശൈലി സംബന്ധിച്ച വർക്ക്ഷോപ്പ്

PULIYAPARAMB HS

**സമാപനം & റിപ്പോർട്ട്- മാർച്ച്**

പ്രവർത്തനം: നേച്ചർ ക്ലബിന്റെ വാർഷിക റിപ്പോർട്ട് അവതരണം
മികച്ച ഇക്കോ-വാരിയർമാർക്ക് അഭിനന്ദനങ്ങൾ
അടുത്ത വർഷത്തേക്കുള്ള അഭിപ്രായ ശേഖരണവും പദ്ധതിയിടലും
ഡോക്യുമെന്ററി പ്രദർശനം: “Our Planet” / “The True Cost”

PULIYAPARAMB HS